©
Government of Kerala
കേരള സർക്കാർ
2000

Reg. No. KL/TV(N)/12
രജി. നമ്പർ

DISTRICT INDUSTRIES CENTRE
20 JUN 2000
PALGHAT

# KERALA GAZETTE
# കേരള ഗസററ്
## EXTRAORDINARY
## അസാധാരണം
## PUBLISHED BY AUTHORITY
## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | |
|---|---|---|---|
| Vol. XLV<br>വാല്യം 45 | Thiruvananthapuram, Monday<br>തിരുവനന്തപുരം, തിങ്കൾ | 15th May 2000<br>2000 മേയ് 15<br>25th Vaisakha 1922<br>1922 വൈശാഖം 25 | No. 881<br>നമ്പർ |

### കേരള സർക്കാർ

### വ്യവസായ (ജെ) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (പി) നമ്പർ 69/2000/ഐഡി. *തിരുവനന്തപുരം, 2000 മേയ്, 12.*

എസ്. ആർ. ഒ. നമ്പർ 400/2000.—1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ട് (2000-ലെ 5) 26-ാം വകുപ്പ് (1) ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ താഴെപ്പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്:—

### ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ചട്ടങ്ങൾക്ക് 2000-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ചട്ടങ്ങൾ എന്ന് പേർ പറയാം.

(2) ഇവ 2000-ാമാണ്ട് ജൂൺ 1-ാം തീയതി പ്രാബല്യത്തിൽ വരുന്നതാണ്.

PRINTED AND PUBLISHED BY THE S. G. P. AT THE GOVERNMENT PRESS, THIRUVANANTHAPURAM, 2000.

33/2234/2000/DTP.

## അദ്ധ്യായം 1

2. നിർവചനങ്ങൾ.—(1) ഈ ചട്ടങ്ങളിൽ സന്ദർഭം മററു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) 'ആക്ട് ' എന്നാൽ 1999-ലെ കേരള വ്യവസായ ഏകജാലക ക്ളിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ആക്ററ് (2000-ലെ 5) എന്നർത്ഥമാകുന്നു;

(ബി) 'ബോർഡ്' എന്നാൽ സംസ്ഥാന ബോർഡ് അഥവാ ജില്ലാ ബോർഡ് അഥവാ വ്യവസായ പ്രദേശ ബോർഡ് എന്നർത്ഥമാകുന്നു;

(സി) 'ചെയർമാൻ' എന്നാൽ ബന്ധപ്പെട്ട ബോർഡിൻെറ ചെയർമാൻ എന്നർത്ഥമാകുന്നു;

(ഡി) 'കൺവീനർ' എന്നാൽ ബന്ധപ്പെട്ട ബോർഡിൻെറ കൺവീനർ എന്നർത്ഥമാകുന്നു;

(ഇ) 'ഫാറം' എന്നാൽ ഈ ചട്ടങ്ങളുടെ അനുബന്ധത്തിലെ ഫാറം എന്നർത്ഥമാകുന്നു;

(എഫ്) 'ക്ഷണിതാവ് ' എന്നാൽ അതതു സംഗതിപോലെ, ആക്ററിലെ 3-ാം വകുപ്പ് (6)-ാം ഉപവകുപ്പ് പ്രകാരമോ 4-ാം വകുപ്പ് (6)-ാം ഉപവകുപ്പ് പ്രകാരമോ 5-ാം വകുപ്പ് (6)-ാം ഉപവകുപ്പ് പ്രകാരമോ ബോർഡുമായി കൂട്ടുചേരുന്നയാൾ എന്നർത്ഥമാകുന്നു;

(ജി) 'യോഗം' എന്നാൽ ബോർഡിൻെറ യോഗം എന്നർത്ഥമാകുന്നു;

(എച്ച്) 'അംഗം' എന്നാൽ ബോർഡംഗം എന്നർത്ഥമാകുന്നു;

(ഐ) 'വകുപ്പ് ' എന്നാൽ ആക്ററിലെ വകുപ്പ് എന്നർത്ഥമാകുന്നു;

(ജെ) 'നഗരപ്രദേശാധികാരസ്ഥാനം' എന്നാൽ 15-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള നഗരപ്രദേശാധികാരസ്ഥാനം എന്നർത്ഥമാകുന്നു.

## അദ്ധ്യായം 2

### കൂട്ടുചേർക്കൽ

3. ആരെ ക്ഷണിതാവാക്കാമെന്ന്.—ഏതൊരു കാര്യത്തിലേക്കാണോ ഒരു വിദഗ്ദ്ധൻെറ സഹായമോ ഉപദേശമോ ആവശ്യമായി വരുന്നത് ആ ആവശ്യത്തിലേക്ക് വിദഗ്ദ്ധോപദേശം ലഭിക്കുന്നതിന് ബോർഡംഗങ്ങൾക്ക് സമ്മതനായ ആളുമായോ ആളുകളുമായോ കൂട്ടുചേരാവുന്നതാണ്.

4. ക്ഷണിതാവിനെ എപ്രകാരം കൂട്ടുചേർക്കാമെന്ന്.—(1) ക്ഷണിതാവുമായി എഴുത്തുകുത്ത് നടത്തി അഭിപ്രായമാരാഞ്ഞോ ബോർഡ് മുമ്പാകെ വരുത്തി ചർച്ച ചെയ്തോ ബോർഡിൻെറ അനൗദ്യോഗിക ഉപദേഷ്ടാവായി നിലനിർത്തിയോ ക്ഷണിതാവിൻെറ ഉപദേശവും സഹായവും ബോർഡിന് നേടാവുന്നതാണ്.

(2) ഏതു കാര്യം സംബന്ധിച്ചാണോ ഒരു വ്യക്തിയെ കൂട്ടുചേർക്കാനുദ്ദേശിക്കുന്നത് ആ വ്യക്തി ആ കാര്യത്തിൽ പ്രാവീണ്യമുള്ള ആളായിരിക്കേണ്ടതാണ്.

എന്നാൽ, വ്യവസായ പ്രദേശ ബോർഡിൽ ബന്ധപ്പെട്ട ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ജനറൽ മാനേജർ ഒരു സ്ഥിരം ക്ഷണിതാവായിരിക്കുന്നതാണ്.

## അദ്ധ്യായം 3

## അപേക്ഷകൾ

5. അപേക്ഷയിൽ അടങ്ങിയിരിക്കേണ്ട വിവരങ്ങൾ.—7, 8, 9 എന്നീ വകുപ്പുകൾ പ്രകാരം സമർപ്പിക്കേണ്ട അപേക്ഷയിൽ താഴെപ്പറയുന്ന വിവരങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്, അതായത്:—

(എ) അപേക്ഷകന്റെ പേരും മേൽവിലാസവും ;

(ബി) ആരംഭിക്കാനുദ്ദേശിക്കുന്ന സംരംഭത്തിന്റെ സ്വഭാവം ;

(സി) സ്ഥാപനത്തിനുദ്ദേശിക്കുന്ന സ്ഥലവും പരിസര പ്രദേശങ്ങളും, കെട്ടിടവും, യന്ത്ര സാമഗ്രികളും സംബന്ധിച്ച വിവരങ്ങൾ തുടങ്ങിയവ ;

(ഡി) മൂലധന നിക്ഷേപം ;

(ഇ) ഉല്പന്ന വിവരം ;

(എഫ്) ഏതെല്ലാം നിയമപ്രകാരം ക്ളിയറൻസ്, ലൈസൻസ്, സർട്ടിഫിക്കററ് എന്നിവ ആവശ്യമുണ്ടെന്നുള്ള വിവരം ബന്ധപ്പെട്ട അധികാര സ്ഥാനങ്ങളുടെ വിവരം സഹിതം.

6. ഫാറം.—5-ാം ചട്ടത്തിൽ പരാമർശിച്ചിട്ടുള്ള അപേക്ഷാഫാറം 'എ' യിൽ ആയിരിക്കേണ്ടതാണ്.

## അദ്ധ്യായം 4

## അപേക്ഷയിൻമേലുള്ള നടപടികൾ

7. രജിസ്ട്രേഷൻ.—(1) ബോർഡിൽ ലഭിക്കുന്ന ഓരോ അപേക്ഷയും അത് കിട്ടിയാലുടൻ ഫാറം 'ബി' യിൽ രജിസ്ററർ ചെയ്യേണ്ടതാണ്.

(2) എസ്. എസ്. ഐ. പ്രൊവിഷണൽ രജിസ്ട്രേഷന് വേണ്ടിയുള്ള അപേക്ഷകളും ബോർഡിന് സ്വീകരിക്കാവുന്നതാണ്.

8. സ്ഥലപരിശോധന.—(1) ആരംഭിക്കാനുദ്ദേശിക്കുന്ന സംരംഭം സംബന്ധിച്ച് പറഞ്ഞിട്ടുള്ള കാര്യങ്ങളുടെ സത്യാവസ്ഥ ബോദ്ധ്യപ്പെടാൻ ആവശ്യമെന്നു കണ്ടാൽ ബന്ധപ്പെട്ട സ്ഥലവും പരിസരങ്ങളും ബോർഡുതന്നെ പരിശോധിക്കുകയോ ബോർഡിന്റെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെക്കൊണ്ട് അവ പരിശോധിപ്പിക്കുകയോ ചെയ്യേണ്ടതാണ്:

എന്നാൽ അപ്രകാരമുള്ള ഏത് പരിശോധനയും അപേക്ഷകനെ മുൻകൂട്ടി അറിയിച്ചശേഷമായിരിക്കേണ്ടതാണ്.

(2) അപ്രകാരമുള്ള പരിശോധനയിൽ ബോർഡിന്റെ തീരുമാനപ്രകാരം ക്ഷണിതാവിനെയും പങ്കെടുപ്പിക്കാവുന്നതാണ്.

9. മേൽ നടപടി.—(1) അപേക്ഷയിൻമേൽ അതതു സംഗതിപോലെ 7-ാം വകുപ്പ് (2)-ാം ഉപവകുപ്പ്, 8-ാം വകുപ്പ് (2)-ാം ഉപവകുപ്പ് അല്ലെങ്കിൽ 9-ാം വകുപ്പ് (2)-ാം ഉപവകുപ്പ് വിഭാവന ചെയ്യുന്ന തീരുമാനം ഈ അദ്ധ്യായത്തിൽ നിഷ്കർഷിച്ചിട്ടുള്ള നടപടികൾക്കുശേഷമായിരിക്കേണ്ടതാണ്.

(2) ക്ളിയറൻസുകളോ, സർട്ടിഫിക്കററുകളോ, ലൈസൻസുകളോ നൽകപ്പെട്ടതായി കരുതി നൽകുന്ന സർട്ടിഫിക്കററ് ഫാറം 'സി' യിൽ നൽകേണ്ടതാണ്.

10. തീരുമാനം കാരണസഹിതമായിരിക്കണമെന്ന്.—7, 8, 9 എന്നീ വകുപ്പുകളനുസരിച്ചുള്ള തീരുമാനത്തിൽ ആ തീരുമാനത്തിനടിസ്ഥാനമായ വസ്തുതകളും കാരണങ്ങളും രേഖപ്പെടുത്തിയിരിക്കേണ്ടതാണ്. പ്രസ്തുത തീരുമാനം അപേക്ഷകനെ രേഖാമൂലം അറിയിക്കേണ്ടതാണ്.

## അദ്ധ്യായം 5

## അപ്പീലുകൾ

11. അപ്പീൽ ഫയൽ ചെയ്യേണ്ട രീതി.—11-ാം വകുപ്പ് പ്രകാരം സംസ്ഥാന ബോർഡിലേക്കുള്ള അപ്പീൽ ഫാറം 'ഡി' യിലും 12-ാം വകുപ്പനുസരിച്ചുള്ള അപ്പീൽ ഫാറം 'ഇ' യിലും 8-ാം വകുപ്പ് (4)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള അപ്പീൽ ഫാറം 'എഫ്' ലും ആയിരിക്കേണ്ടതാണ്.

(2) അപ്പീലിൽ അത് ഫയൽ ചെയ്യുന്നതിനടിസ്ഥാനമായ വസ്തുതകളും കാരണങ്ങളും വ്യക്തമായി പ്രതിപാദിച്ചിരിക്കേണ്ടതാണ്;

(3) അപ്പീലിനോടൊപ്പം അത് ഏത് തീരുമാനത്തിനെതിരെയാണോ ഫയൽ ചെയ്യുന്നത് ആ തീരുമാനത്തിന്റെ സാക്ഷ്യപ്പെടുത്തപ്പെട്ട പകർപ്പുകളും ഉണ്ടായിരിക്കേണ്ടതാണ്.

(4) അപ്പീൽ സംബന്ധിച്ച രജിസ്ററുകൾ ഫാറം 'ജി' യിൽ ആയിരിക്കേണ്ടതാണ്.

12. ഉപസമിതിയുടെ ഘടന.—11-ാം വകുപ്പ് (4)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഉപസമിതിയിൽ 7 അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(1) ഗവൺമെൻറ് ചീഫ് സെക്രട്ടറിയോ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ഗവൺമെൻറ് സെക്രട്ടറിയോ;

(2) മററ് രണ്ട് ഗവൺമെൻറ് സെക്രട്ടറിമാർ;

(3) കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻെറ മാനേജിംഗ് ഡയറക്ടർ;

(4) മററ് മൂന്ന് അംഗങ്ങൾ.

## അദ്ധ്യായം 6

## റഗുലേഷനുകൾ ഉണ്ടാക്കാനുള്ള നടപടിക്രമം

13. റഗുലേഷനുകൾ.—ബോർഡുമായും മററു ബന്ധപ്പെട്ട അധികാര സ്ഥാനങ്ങളുമായും ആലോചിച്ച് നഗരപ്രദേശാധികാരസ്ഥാനം കരട് റഗുലേഷനുകൾ തയ്യാറാക്കേണ്ടതാണ്.

14. സർക്കാർ അംഗീകാരം.—ചട്ടപ്രകാരം തയ്യാറാക്കിയ കരട് ബന്ധപ്പെട്ട രേഖകളും മററു വിവരങ്ങളും സഹിതം അംഗീകാരത്തിനായി സർക്കാരിലേയ്ക്കയക്കേണ്ടതും മാററങ്ങളോടുകൂടിയോ അല്ലാതെയോ സർക്കാരിൻെറ അംഗീകാരം ലഭിക്കുന്നതോടുകൂടി ഗസററിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

15. റഗുലേഷനുകളുടെ പ്രാബല്യം.—13-ാം ചട്ടപ്രകാരം ഗസററിൽ പ്രസിദ്ധപ്പെടുത്തുന്ന റഗുലേഷനുകൾക്ക് അപ്രകാരം പ്രസിദ്ധപ്പെടുത്തിയ തീയതി മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

## അദ്ധ്യായം 7

## സർവ്വീസ് ചാർജ്

16. സർവ്വീസ് ചാർജ്.—(1) ബോർഡിനു മുമ്പാകെ ഫയൽ ചെയ്യുന്ന അപേക്ഷകൾ സംബന്ധിച്ച് നൽകേണ്ട സർവ്വീസ് ചാർജ് താഴെപ്പറയുംപ്രകാരമായിരിക്കുന്നതാണ്:

| | | |
|---|---|---|
| ചെറുകിട വ്യവസായങ്ങൾ | .. | 250 രൂപ |
| മററു വ്യവസായങ്ങൾ | .. | 500 രൂപ |

(2) ഇപ്രകാരം വസൂലാക്കുന്ന തുക ബന്ധപ്പെട്ട ബോർഡിൻെറ ചെലവുകൾക്ക് വിനിയോഗിക്കാവുന്നതാണ്.

## അദ്ധ്യായം 8

### അക്കൗണ്ടും ആഡിറ്റും

17. <u>കണക്ക് വച്ചുപോരണമെന്ന്</u>—(1) സർവ്വീസ് ചാർജ്ജും 7, 8, 9 എന്നീ വകുപ്പുകളിൽ പറഞ്ഞിട്ടുള്ള ഫീസും ഒടുക്കുന്നവർക്ക് ബോർഡ് ഫാറം '[illegible]'-ൽ രസീത് നൽകേണ്ടതാണ്. പ്രസ്തുത ഫീസും സർവ്വീസ് ചാർജ്ജും കാണിക്കുന്ന രജിസ്റ്ററുകളും വച്ചുപോരേണ്ടതാണ്.

(2) സർവ്വീസ് ചാർജായി ഒടുക്കപ്പെടുന്ന തുക ബോർഡ്, ഏതെങ്കിലുമൊരു ദേശസാൽകൃത ബാങ്കിൽ പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്.

എന്നാൽ 7, 8, 9 എന്നീ വകുപ്പുകളിൽ പരാമർശിച്ചിട്ടുള്ള ഫീസ് ബന്ധപ്പെട്ട അധികാരസ്ഥാനത്തിന് കൈമാറേണ്ടതാണ്.

18. <u>ആഡിറ്റ്</u>—(1) ബോർഡിന്റെ വാർഷിക കണക്കുകൾ ആഡിറ്റിനുശേഷം ബോർഡ് യോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്.

(2) ഇപ്രകാരമുള്ള ആഡിറ്റ് അംഗീകാരമുള്ള ചാർട്ടേർഡ് അക്കൗണ്ടന്റ് മുഖേന നടത്തപ്പെടേണ്ടതാണ്.

## അദ്ധ്യായം 9

### റിപ്പോർട്ടുകളും റിട്ടേണുകളും

19. <u>റിപ്പോർട്ടുകളും റിട്ടേണുകളും</u>.—റിപ്പോർട്ടുകളും റിട്ടേണുകളും മറ്റു വിവരങ്ങളും സർക്കാർ അപ്പപ്പോൾ നിർദ്ദേശിക്കുന്ന രൂപത്തിലായിരിക്കേണ്ടതാണ്.

# ഫാറം എ

(ചട്ടം 6 കാണുക)

(ഓഫീസ് ഉപയോഗത്തിനു മാത്രം)

പ്രേഷിതൻ

.....................................................................

.....................................................................

.....................................................................

| |
|---|
| അപേക്ഷാഫാറം...നമ്പർ |
| തീയതി ... |

സ്വീകർത്താവ്

.....................................................................

.....................................................................

.....................................................................

സർ,

താഴെപ്പറയുന്ന ആവശ്യത്തിലേക്ക് ഞങ്ങൾ/ഞാൻ അപേക്ഷ ഇതിനാൽ നൽകിക്കൊള്ളുന്നു:

1. പ്രൊവിഷണൽ എസ്. എസ്. ഐ. രജിസ്ട്രേഷൻ സർട്ടിഫിക്കററ്.
2. ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും, കെട്ടിട നിർമ്മാണത്തിനും മെഷിനറികൾ സ്ഥാപിക്കുന്നതിനുമുള്ള അനുമതി.
3. ടൗൺ പ്ലാനിംഗ് വകുപ്പിൽ നിന്നും ഫാക്ടറി സ്ഥാപിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള സ്ഥലത്തിന്റെ അംഗീകാരം.
4. ഫാക്ടറി കെട്ടിടം നിർമ്മിക്കുന്നതിന് ഒരു കെട്ടിടം ഫാക്ടറിയായി ഉപയോഗിക്കുന്നതിനും ഫാക്ടറി ആക്ട് അനുസരിച്ച് ലഭിക്കേണ്ട അനുമതി.
5. മലിനീകരണ നിയന്ത്രണം സംബന്ധിച്ച് ലഭിക്കേണ്ട നിരാക്ഷേപ പത്രം.
6. ഇലക്ട്രിസിററി കണക്ഷൻ ലഭ്യമാക്കാൻ.
7.
8.

(ആവശ്യമുള്ളവ എഴുതുക)

## പ്രതിജ്ഞാപത്രം

1. ഈ അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള കാര്യങ്ങൾ എന്റെ/ഞങ്ങളു അറിവിലും വിശ്വാസത്തിലും ശരിയാണെന്ന് ഇതിനാൽ പ്രതിജ്ഞ ചെയ്യുന്നു.
2. ഇതിൽ പറയുന്ന ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിധേയമായി ലഭിക്കുന്ന പെർമിററുകളും സർട്ടിഫിക്കററുകളും ലൈസൻസുകളും ലഭിക്കുന്നപക്ഷം അതനുസരിച്ചുള്ള എല്ലാ നിബന്ധനകളും ഞാൻ അംഗീകരിച്ചുകൊള്ളാം.
3. ഇതനുസരിച്ച് ഏതെങ്കിലും അധികാരികളോ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻമാരോ എന്റെ യൂണിററിന്റെ പരിധിയിൽപ്പെടുന്ന സ്ഥലത്ത് പരിശോധന നടത്തുന്നതിന് അനുവദിക്കുന്നതും, ആവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതുമാണ്.
4. ഞാൻ/ഞങ്ങൾ ആവശ്യമായ എല്ലാവിധ രജിസ്ററുകളും, രേഖകളും എഴുതി സൂക്ഷിക്കുന്നതാണ്.
5. ഞാൻ നിയമപരമായി സർക്കാരിനോ, മററു ഏജൻസികൾക്കോ നൽകേണ്ട മുഴുവൻ റിട്ടേണുകളും, ഡിക്ലറേഷനുകളും സമയാസമയങ്ങളിൽ സമർപ്പിക്കുന്നതാണ്.

(ഒപ്പ്)

തീയതി: പേര്

സ്ഥലം: മേൽവിലാസം

### ഭാഗം I

### പൊതുവിവരങ്ങൾ

1. അപേക്ഷകന്റെ പേര്..............................................................................
2. പൂർണ്ണമായ മേൽവിലാസം :

| ഓഫീസ് | | ഫാക്ടറി (നിലവിലുള്ളത്/സ്ഥാപിക്കാനുദ്ദേശിക്കുന്നത്) | |
|---|---|---|---|
| | .............................. | | .............................. |
| | .............................. | | .............................. |
| | .............................. | | .............................. |
| | .............................. | | .............................. |
| പിൻ | .............................. | പിൻ | .............................. |
| ഫോൺ നമ്പർ | .............................. | ഫോൺ നമ്പർ | .............................. |
| ഫാക്സ് നമ്പർ | .............................. | ഫാക്സ് നമ്പർ | .............................. |
| ടെലഗ്രാഫ് | .............................. | ടെലിഗ്രാഫ് | .............................. |

3. കാററഗറി സർവ്വീസ്/ടൈനി/ചെറുകിട/വൻകിട യൂണിററ്

4. ഉടമസ്ഥ രീതി (വ്യക്തി/കൂട്ടുസംരംഭം/കമ്പനി/സഹകരണ സംഘമെങ്കിൽ പ്രത്യേകം രേഖപ്പെടുത്തുക).

5. അനുബന്ധ വ്യവസായമാണോ? ആണെങ്കിൽ മാതൃയൂണിററിന്റെ പേര്, ഉൽപ്പന്നം, തുടങ്ങിയ വിശദ വിവരങ്ങൾ നൽകുക. ________________________________________

6. സ്ഥാപിക്കാനുദ്ദേശിക്കുന്ന സ്ഥലം ________________________________________

(വ്യവസായ എസ്റ്റേററ്/വ്യവസായ പ്രദേശം/വളർച്ചാ കേന്ദ്രം/കയററുമതി മേഖല തുടങ്ങിയവയെങ്കിൽ പ്രത്യേകം രേഖപ്പെടുത്തുക)

7. വിദേശമലയാളി പങ്കാളിത്തമുണ്ടോ? (ഉണ്ടെങ്കിൽ വിശദവിവരം നൽകുക) :

8. ചീഫ് എക്സിക്യൂട്ടീവിന്റെ പേര്, വഹിക്കുന്ന മററു സ്ഥാനം :

9. ഫാക്ടറി ആക്ടിന്റെ പരിധിയിൽ, ഇവിടെ അധിശാവകാശിയുടെ പേര് :

10. അപേക്ഷ പുതിയ വ്യവസായ യൂണിററ് ആരംഭിക്കാനോ, വിപുലീകരിക്കാനോ വൈവിധ്യവൽക്കരിക്കാനോ ഉദ്ദേശിച്ചു കൊണ്ടുള്ളതാണോ? വ്യക്തമാക്കുക :

11. പുതിയതായി തുടങ്ങാനുദ്ദേശിച്ചു കൊണ്ടാണെങ്കിൽ

(എ) വ്യവസായ ലൈസൻസ് നമ്പർ, തീയതി

(ബി) SIA/IEM രജി. നമ്പർ, തീയതി

(സി) എസ്. എസ്. ഐ. രജി. നമ്പർ, തീയതി

## II. ഭൂമി സംബന്ധമായ വിവരങ്ങൾ

12. ഭൂമിയുടെ ഉടമസ്ഥാവകാശം വിശദമാക്കുക : സ്വന്തം/വാടകയ്ക്ക്/പാട്ടത്തിന്

13. സ്വന്തമല്ലെങ്കിൽ ഭൂമിയുടെ ഉടമസ്ഥാവകാശിയുടെ പേരുവിവരം :

14. വാടകച്ചീട്ട്/പാട്ടച്ചീട്ട് എഴുതിയിട്ടുണ്ടെങ്കിൽ അതിൻെറ നമ്പരും തീയതിയും :

15. ചീട്ട് രജിസ്ററർ ചെയ്ത സബ്‌രജിസ്ട്രർ കച്ചേരിയുടെ പേരും മേൽവിലാസവും :

16. ഭൂമി സ്ഥിതിചെയ്യുന്ന പഞ്ചായത്ത്/ മുനിസിപ്പാലിററി/കോർപ്പറേഷൻ :

    വാർഡ് നമ്പർ :

    ഡിവിഷൻ നമ്പർ :

17. എ. ഡവലപ്പ്മെൻറ് അതോറിററിയുടെ പേര് :

18. വില്ലേജ് താലൂക്ക് ജില്ല

19. സർവ്വേ നമ്പർ സബ് ഡിവിഷൻ

20. ഭൂമിയുടെ വിസ്തീർണ്ണം :

21. മാലിന്യങ്ങൾ തള്ളുന്നതിന് പ്രത്യേകം ഭൂമിയുണ്ടെങ്കിൽ അതിൻെറ വിസ്തീർണ്ണം :

22. ചുററുപാടുമുള്ള വസ്തുവിവരം :

    തെക്ക് :

    വടക്ക് :

    കിഴക്ക് :

    പടിഞ്ഞാറ് :

23. മറ്റു അടിസ്ഥാന സൗകര്യങ്ങൾ

(എ) ഏറ്റവും അടുത്ത പോലീസ് സ്റ്റേഷൻ ദൂരം

(ബി) ഏറ്റവും അടുത്ത റെയിൽവേ സ്റ്റേഷൻ ദൂരം

(സി) ഏറ്റവും അടുത്ത സാമൂഹ്യ ജലസേചന സൗകര്യം ദൂരം

(ഡി) ഏറ്റവും അടുത്ത കനാൽ/നദി/കുളം/കായൽ ദൂരം

(ഇ) ഏറ്റവും അടുത്ത് വീട് സ്ഥിതി ചെയ്യുന്നതെങ്കിൽ അതുമായുള്ള ദൂരം

(എഫ്) ഏറ്റവും അടുത്ത് സ്ഥിതിചെയ്യുന്ന വിദ്യാഭ്യാസ സ്ഥാപനം/ദേവാലയം ദൂരം

(ജി) മറ്റു കെട്ടിടങ്ങളുമായി ദൂരം

## III. ഫാക്ടറി കെട്ടിടം സംബന്ധിച്ച വിവരങ്ങൾ

24. കെട്ടിടത്തിന്റെ നമ്പർ ______ വാർഡ് ______ ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ

25. ഏത് റോഡ്/തെരുവ് ______

26. ആർക്കിടെക്ടിന്റെ/സൂപ്പർവൈസറുടെ പേര്, മേൽവിലാസം, ലൈ. നമ്പർ

27. ഇലക്ട്രിക്കൽ കോൺട്രാക്ടറുടെ പേര്, ലൈസൻസ് നമ്പർ

28. കെട്ടിട നിർമ്മാണത്തിന്റെ വിവരം    പുതിയത്/പുതുക്കിപ്പണി/വിപുലപ്പെടുത്തൽ

28. വിപുലപ്പെടുത്തുകയാണെങ്കിൽ, വിശദ വിവരങ്ങൾ നൽകുക.

(എ) സ്ഥാപിച്ച വർഷം

(ബി) കെട്ടിട നിർമ്മാണത്തിനുള്ള അനു; വാദത്തിന്റെ നമ്പറും തീയതിയും

(സി) സ്ഥാപിച്ചതിന്റെ അനുവാദത്തിന്റെ നമ്പറും തീയതിയും

29. കെട്ടിടത്തിന്റെ ആവശ്യം :

30. ഓരോ നിലയുടെയും വിസ്തീർണ്ണം

| | നിലവിലുള്ളത് | ഉദ്ദേശിക്കുന്നത് |
|---|---|---|
| | ..............ച. മീ. | ....................ച. മീ. |

31. ഓരോ നിലയുടെയും തറയുടെ വിസ്തീർണ്ണം :

32. കെട്ടിടത്തിന്റെ ഉയരം

ഭൂമിയിൽ നിന്നും :

റോഡിൽ നിന്നും :

33. അതിരുകളിൽനിന്നും വിട്ടിട്ടുള്ള സ്ഥലം : (പുതിയ പണിക്കുമാത്രം)

34. തുറസ്സായ സ്ഥലത്തിന്റെ വിവരങ്ങൾ :

35. ഉദ്ദേശിക്കുന്ന അടങ്കൽ തുക :

## IV. യന്ത്രോപകരണങ്ങളും വിദ്യുച്ഛക്തിയും

36. പ്ലാന്റിന്റെയും യന്ത്രോപകരണങ്ങളുടെയും വിശദവിവരം :

| ക്രമ നമ്പർ | ഇനവിവരം | എണ്ണം | വില | മുഖ്യവിതരണക്കാരന്റെ പേര് |
|---|---|---|---|---|
| | | | | |
| | ആകെ | | | |

37. വിദ്യുച്ഛക്തിയുടെ വിശദാംശങ്ങൾ :

| ബൾബ്/ട്യൂബ് | | ഫാൻ | | പവർപ്ലഗ്, ഹീറ്റർ, ഓവൻ തുടങ്ങിയവ | | മോട്ടോർ | ആകെ ആവശ്യം | |
|---|---|---|---|---|---|---|---|---|
| എണ്ണം | വാട്ട് | എണ്ണം | വാട്ട് | എണ്ണം | വാട്ട് | ബി.എച്ച്.പി. ഉപയോഗം | KW | KVA |
| | | | | | | | | |

38. വിദ്യുച്ഛക്തി കണക്ഷന്റെ യഥാർത്ഥ ആവശ്യം
(പുതിയ സർവീസ്/റീ കണക്ഷൻ/ നിലവിൽ സ്ഥാപിച്ചവയുടെ വൈവിധ്യ വൽക്കരണം/താൽക്കാലിക കണക്ഷൻ) :

39. ഓരോ ഷിഫ്റ്റിന്റേയും (8 hrs) ഉല്പാദനശേഷി　　I　　II　　III

40. എന്തെങ്കിലും കൂട്ടി ബന്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുവോ?
ഉണ്ടെങ്കിൽ വിശദവിവരം:

## V. മൂലധന നിക്ഷേപം

41\. ആകെ ആവശ്യമുള്ള മൂലധന നിക്ഷേപം :

(വിപുലീകരണം, വൈവിദ്ധ്യവൽക്കരണം മാത്രമെങ്കിൽ അതിനാവശ്യമുള്ള തുക മാത്രം എഴുതുക)

(എ) ഭൂമി ക.........................................

(ബി) കെട്ടിടം ക.........................................

(സി) യന്ത്രസാമഗ്രികൾ

(i) ഇറക്കുമതി ക.........................................

(ii) ഇന്ത്യൻ നിർമ്മിതം ക.........................................

(ഡി) മററു പലവക ജംഗമങ്ങൾ ക.........................................

(ഇ) മററു അത്യാവശ്യ ചെലവുകൾ ക.........................................

(എഫ്) മററു പ്രാരംഭ ചെലവുകൾ ക.........................................

(ജി) പ്രവർത്തനമൂലധനത്തിനു വേണ്ടിയുള്ള മാർജിൻമണി ക.........................................

ആകെ ക.........................................

42\. ആകെ പ്രവർത്തനമൂലധനം (നൂറ് ശതമാനം ഉത്പാദനത്തിന്റെ അടിസ്ഥാനത്തിൽ കണക്കാക്കുക) ക.........................................

43\. നിലവിലുള്ള യൂണിററിന്റെ കാര്യത്തിൽ ആകെ സ്ഥിരമൂലധനം എഴുതുക. ക.........................................

(പ്രസ്തുത യൂണിററിന്റെ ഉടമസ്ഥന്റെ വക മുഴുവൻ വ്യവസായ യൂണിററുകളുടെയും സ്ഥിര മൂലധന നിക്ഷേപത്തിന്റെ ആകെ തുക രേഖപ്പെടുത്തണം).

## VI. അസംസ്കൃത പദാർത്ഥങ്ങൾ

44. ഒരു വർഷത്തേക്ക് ആവശ്യമുള്ള അസംസ്കൃത പദാർത്ഥങ്ങളും, ഉപഭോഗ വസ്തുക്കളും (100% ഉല്പാദനശേഷിക്ക് ഒരു ഷിഫ്റ്റ് 8 മണിക്കൂർ കണക്കാക്കി)

A. ഇൻഡ്യൻ നിർമ്മിതം

| ക്രമ നമ്പർ | ഇനം | അളവ് | നിരക്ക് | ആകെ വില | സ്രോതസ്സ് |
|---|---|---|---|---|---|
| | | | | | |

ആകെ..................................................

B. ഇറക്കുമതി ചെയ്യപ്പെടുന്ന അസംസ്കൃത പദാർത്ഥങ്ങളുടെ വിവരം

| ക്രമ നമ്പർ | ഇനം | അളവ് | നിരക്ക് | ആകെ വില | സ്രോതസ്സ് |
|---|---|---|---|---|---|
| | | | | | |

ആകെ..................................................

മൊത്തം (A+B)..................................................

C. ആകെ ഉദ്ദേശിക്കുന്ന ഷിഫ്റ്റുകളുടെ എണ്ണം

## VII. മൂലധന നിക്ഷേപം

45. ഉപയോഗിക്കുന്ന ഇന്ധനങ്ങൾ

| ക്രമ നമ്പർ | ഇനം | പ്രതിദിന ഉപയോഗം (8 മണിക്കൂർ) | ഇന്ധന വിശകലന റിപ്പോർട്ട് ഉണ്ടോ (എങ്കിൽ കോപ്പി വയ്ക്കുക) |
|---|---|---|---|
| | | | |

## VIII. ഉല്പന്നങ്ങളുടെ വിവരം

46. ഉപയോഗിക്കുന്ന ഇന്ധനങ്ങൾ

| ക്രമ നമ്പർ | ഇനം (ഉല്പന്നങ്ങൾക്ക് പുറമേ ഉപ ഉല്പന്ന ങ്ങൾ ഉണ്ടെങ്കിൽ അതും) | ആകെ ഉത്പാദനം | നിരക്ക് (എക്സ് ഫാക്ടറി) | ആകെ വില | ഉപയോഗം |
|---|---|---|---|---|---|
| | | | | | |

## IX. ആവശ്യമുള്ള മനുഷ്യശക്തി

47. ഉപയോഗിക്കുന്ന ഇന്ധനങ്ങൾ

| ക്രമ നമ്പർ | ഇനം | നിലവിലുള്ളത് | പ്രതീക്ഷിക്കുന്നത് | ആകെ |
|---|---|---|---|---|
| (എ) | മാനേജർതലം | | | |
| (ബി) | മേൽനോട്ട വിഭാഗം | | | |
| | ടെക്നിക്കൽ | | | |
| | നോൺ ടെക്നിക്കൽ | | | |
| (സി) | വിദഗ്ദ്ധ തൊഴിലാളി | | | |
| | അവിദഗ്ദ്ധ തൊഴിലാളി | | | |
| (ഡി) | അർദ്ധ വിദഗ്ദ്ധ തൊഴിലാളി | | | |
| (ഇ) | മററുള്ളവർ | | | |

## X. പലവക വിവരങ്ങൾ

48. പ്രവർത്തന സമയം

49. ഭാവിയിൽ വിപുലീകരിക്കാനുള്ള സാദ്ധ്യതയുണ്ടെങ്കിൽ

ഒപ്പ്..........................................................

## XI. മലിനീകരണ നിയന്ത്രണം

(മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്ന് അനുമതി ആവശ്യമുള്ളവർ മാത്രം പൂരിപ്പിക്കുക)

50. നിയന്ത്രണത്തിന് ഉപയോഗിക്കാൻ ഉദ്ദേശിക്കുന്ന മൂലധനം

(എ) മാലിന്യങ്ങൾ സംസ്കരിച്ച് പുറത്ത് കളയുന്നതിന് ..........................................................

(ബി) പുറത്തേക്ക് മാലിന്യങ്ങൾ പോകാതിരിക്കാനുള്ള മാർഗ്ഗങ്ങൾ ..........................................................

(സി) ഖര രൂപത്തിലുള്ള മാലിന്യങ്ങൾ സംസ്ക്കരിച്ച് പുറത്തു കളയാൻ ..........................................................

(ഡി) ശബ്ദമലിനീകരണം തടയാൻ ..........................................................

ആകെ ..........................................................

51. പ്രതിദിന വെള്ളം ഉപയോഗം

(എ) ബോയ്‌ലർ ..........................................................

(ബി) തണുപ്പിക്കൽ (i) കോൺടാക്ട്..........................................................

(ii) നോൺ കോൺടാക്ട്..........................................................

(സി) ആഭ്യന്തരാവശ്യം

(ഡി) ഉല്പാദനം/സംസ്കരണം ..........................................................

(ഇ) മററാവശ്യത്തിന് ..........................................................

ആകെ ..........................................................

52. ജലസ്രോതസ്സുകൾ

53. വ്യവസായ മാലിന്യങ്ങളും/വിസർജ്ജ്യ മാലിന്യങ്ങളും

| (എ) പ്ലാന്റിലുള്ള ബഹിർഗമനികളുടെ റഫറൻസ് നമ്പർ | വിസർജ്ജ്യ വസ്തുക്കളുടെ അളവ്/മാനം | പ്രതിദിനം മാലിന്യശേഖരം ക്യൂബിക് മീറ്റർ | ഗുണവിവരം | | |
|---|---|---|---|---|---|
| | | | പ്രത്യേക | യൂണിറ്റ് | ഗാഢത |
| | | | | | |

| (ബി) പ്ലാന്റിലുള്ള റഫറൻസ് നമ്പർ | ബഹിർഗമനിയുടെ സ്ഥിതി/സാമീപ്യം | മാലിന്യങ്ങൾ പുറത്തേക്കു വിടുന്നതെവിടെ | മാലിന്യ സംസ്കരണ സംവിധാനം |
|---|---|---|---|
| | | | |

54. ഖരമാലിന്യങ്ങൾ

| യൂണിറ്റ്/സ്രോതസ്സ് | അളവ് (പ്രതിദിനം ടണ്ണിൽ) | ഗുണവിവരം | | | മാലിന്യം സംസ്കരിച്ച് കളയുന്നതിനുള്ള സംവിധാനം |
|---|---|---|---|---|---|
| | | സ്വഭാവം | യൂണിറ്റ് | ഗാഢത | |
| | | | | | |

55. എമിഷൻ (ബഹിർഗമന മാലിന്യങ്ങൾ)

| (എ) സ്റ്റാക്ക് നമ്പർ | ബഹിർഗമിനിയുടെ സ്രോതസ്സ് | ബഹിർഗമിനിയുടെ ഉയരം മീറ്ററിൽ | അകത്തുള്ള അളവുകൾ താഴെ മുകളിൽ |
|---|---|---|---|
| | | | |

ബോയ്‌ലറുകളുടെ കാര്യത്തിൽ ഉപയോഗിക്കുന്ന ഇന്ധനത്തിന്റെ തരവും അളവും രേഖപ്പെടുത്തുക.

| (ബി) സ്റ്റാക്ക് നമ്പർ | ഒഴുക്കിന്റെ വേഗത | | വാതക ബഹിർഗമിത വസ്തുവിന്റെ ഗുണം | | | നിയന്ത്രണ സംവിധാനങ്ങൾ |
|---|---|---|---|---|---|---|
| | m/sec | $Nm^3/hr.$ | സ്വഭാവം | നിരക്ക് | ഗാഢത | |
| | | | | | | |

56. ശബ്ദമലിനീകരണം

പ്രത്യേക സ്രോതസ്സുകളും
നിയന്ത്രണ സംവിധാനങ്ങളും

ഒപ്പ്............................................................

പേര്............................................................

# ഫാറം ബി

## വ്യവസായ പ്രദേശ ബോർഡ്/ജില്ലാ .ബോർഡ്/സംസ്ഥാന ബോർഡ്-ന് സമർപ്പിക്കുന്ന അപേക്ഷകൾ സംബന്ധിച്ച രജിസ്ററർ

[ചട്ടം 7 (1) കാണുക]

| ക്രമ നമ്പർ | അപേക്ഷകന്റെ പേരും മേൽവിലാസവും | അപേക്ഷിക്കുന്ന ലൈസൻസ് (വ്യക്തമാക്കുക) | ഫീസ് രസീത് നമ്പർ, തീയതി | ബോർഡിൽ അവതരിപ്പിക്കുന്ന തീയതി | ബോർഡിന്റെ തീരുമാനം | ചെയർമാന്റെ ഒപ്പ് | ലൈസൻസിംഗ് അധികാരസ്ഥാനത്തിന് അപേക്ഷ അയച്ചു കൊടുത്ത തീയതി | ലൈസൻസ് നൽകിയ നമ്പരും തീയതിയും | ബോർഡിന്റെ ക്ളിയറൻസ്/അന്തിമ തീരുമാനം തീയതി | അഭിപ്രായക്കുറിപ്പ് |
|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| | | | | | | | | | | |

# ഫാറം സി

[ചട്ടം 9(2) കാണുക]

## കേരള സർക്കാർ

## വ്യവസായ പ്രദേശ ബോർഡ്/ജില്ലാ ബോർഡ്/സംസ്ഥാന ബോർഡിൻെറ ഓഫീസിൽ നിന്നും നൽകുന്ന

## സർട്ടിഫിക്കററ്

1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ററിലെ 10-ാം വകുപ്പ് അനുസരിച്ച് ........................................................ജില്ലയിൽ........................................................താലൂക്കിൽ ........................................................വില്ലേജിൽ ........................................................സർവേ നമ്പരിൽപ്പെട്ട ........................................................സബ്ഡിവിഷനിൽ ........................................................വ്യവസായ പ്രദേശം/പ്ലോട്ട്/എസ്റേററ്/വളർച്ചാ കേന്ദ്രത്തിൽ/വ്യവസായ പാർക്ക്-ൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന/വിപുലീകരിക്കാനുദ്ദേശിക്കുന്ന മെ:........................................................ ........................................................(വ്യവസായ സ്ഥാപനത്തിൻെറ പേരും മേൽവിലാസവും രേഖപ്പെടുത്തുക)-നെ സംബന്ധിച്ച്........................................................ ........................................................(ബന്ധപ്പെട്ട ആക്ടിൻെറ പേര് രേഖപ്പെടുത്തുക) ആവശ്യമായ ക്ലിയറൻസ്/നിരാക്ഷേപ സർട്ടിഫിക്കററ്/ലൈസൻസ്, ഈ ആക്ടിൻെറ 26, 27-ാം വകുപ്പ് അനുസരിച്ച് ഈ ബോർഡിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച്........................................തീയതിയിലെ........................................-ാം നമ്പർ ബോർഡ് തീരുമാനപ്രകാരം, നൽകപ്പെട്ടതായി കരുതിയിരിക്കുന്നതായി ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ഈ സർട്ടിഫിക്കററ് ഇന്നേ ദിവസമായ ........................-ാം ആണ്ട്........................മാസം ........................-ാം തീയതിയിൽ താഴെ ഒപ്പിട്ടിരിക്കുന്ന അധികാരി സീലോടുകൂടി നൽകിയിരിക്കുന്നു.

(സീൽ)

പേര്

ഉദ്യോഗപ്പേര്

........................................................വ്യവസായ പ്രദേശബോർഡ്/

........................................................ജില്ലാ ബോർഡ്/സംസ്ഥാന ബോർഡ്

# ഫാറം ഡി

(ചട്ടം 11 കാണുക)

## സംസ്ഥാന ബോർഡിലേക്ക് സമർപ്പിക്കുന്ന അപ്പീൽ

1. അപേക്ഷകൻെറ പേര് :
2. മേൽവിലാസം :
3. വ്യവസായ സംരംഭത്തിൻെറ വിവരം :
4. അപേക്ഷ നിരസിച്ചത് ഏത് ഏക ജാലകബോർഡാണ് എന്നുള്ള വിവരം :
5. നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് കിട്ടിയ തീയതിയും കാരണം പറഞ്ഞിട്ടുണ്ടെങ്കിൽ ആ വിവരവും :
6. ഇതോടൊപ്പം ഹാജരാക്കുന്ന രേഖകളുടെ വിവരം :

സ്ഥലം :
തീയതി :

അപേക്ഷകൻെറ പേരും
ഒപ്പും

# ഫാറം ഇ

(ചട്ടം 11 കാണുക)

## സർക്കാരിലേക്ക് സമർപ്പിക്കുന്ന അപ്പീൽ

1. അപേക്ഷകന്റെ പേര് :

2. മേൽവിലാസം :

3. വ്യവസായ സംരംഭത്തിന്റെ വിവരം :

4. സംസ്ഥാന ബോർഡിൽ നിന്നും അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് കിട്ടിയ തീയതിയും കാരണം പറഞ്ഞിട്ടുണ്ടെങ്കിൽ ആ വിവരവും. :

5. ഇതോടൊപ്പം ഹാജരാക്കുന്ന രേഖകളുടെ വിവരം :

സ്ഥലം

തീയതി

അപേക്ഷകന്റെ പേരും

ഒപ്പും

# ഫാറം എഫ്

(ചട്ടം 11 കാണുക)

## രണ്ടു ലക്ഷം രൂപയിൽ താഴെ മൂലധന നിക്ഷേപമുള്ള ചെറുകിട വ്യവസായ സംരംഭകരിൽ നിന്നുമുള്ള ജില്ലാ ബോർഡിലേക്കുള്ള അപ്പീൽ

1. അപേക്ഷകൻെറ പേര് :

2. മേൽവിലാസം :

3. ചെറുകിട വ്യവസായ സംരംഭത്തിൻെറ വിവരം :

4. ക്ലീയറൻസോ ലൈസൻസോ സർട്ടിഫിക്കററോ നിരസിക്കപ്പെടുകയോ മാററങ്ങളോടുകൂടി ശുപാർശ ചെയ്യപ്പെടുകയോ ചെയ്ത അധികാര സ്ഥാപനത്തിൻെറ വിവരം :

5. നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് കിട്ടിയ തീയതിയും കാരണം പറഞ്ഞിട്ടുണ്ടെങ്കിൽ ആ വിവരവും :

6. ഇതോടൊപ്പം ഹാജരാക്കുന്ന രേഖകളുടെ വിവരം :

സ്ഥലം :

തീയതി :

അപേക്ഷകൻെറ പേരും ഒപ്പും

## ഫാറം ജി

[ചട്ടം 11 (4) കാണുക]

## അപ്പീൽ അപേക്ഷകൾ സംബന്ധിച്ച രജിസ്ററർ

| ക്രമ നമ്പർ | അപേക്ഷകന്റെ പേരും മേൽവിലാസവും | കൈപ്പററ് രസീത് നമ്പർ തീയതി | അപ്പീൽ വിഷയത്തിന്റെ സ്വഭാവം | അപ്പീൽ ഏതു ബോർഡിൽ നിന്നും | ലൈസൻസ് നൽകിയ നമ്പരും തീയതിയും | അഭിപ്രായക്കുറിപ്പ് |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| | | | | | | |

33/2234/2006/DTP.

## ഫാറം എച്ച്

(ചട്ടം 17 കാണുക)

## ബോർഡിൽ ഒടുക്കപ്പെടുന്ന സർവ്വീസ് ചാർജ്, ഫീസ് സംബന്ധിച്ച രസീത്

ബോർഡിൻെറ പേരും സ്ഥലവും.................................................................................

1. പണം ഒടുക്കുന്ന അപേക്ഷകൻെറ പേരും മേൽവിലാസവും :
2. ഏതു വ്യവസായ സംരംഭത്തിനു വേണ്ടിയാണ് തുക ഒടുക്കുന്നത് :
3. സർവ്വീസ് ചാർജ് :
4. ഫീസു വിവരം :

| അധികാരസ്ഥാനത്തിൻെറ പേര് | ഒടുക്കുന്ന തുക |
|---|---|
| 1. | |
| 2. | |
| 3. | |
| 4. | |
| 5. | |
| 6. | |
| 7. | |
| 8. | |
| 9. | |
| 10. | |

മേൽ 3-ലും 4-ഉം ഒടുക്കപ്പെട്ട ആകെ തുക.

സ്ഥലം: ബോർഡിൻെറ സീൽ തുക സ്വീകരിച്ച ഉദ്യോഗസ്ഥൻെറ
തീയതി: പേരും ഉദ്യോഗപ്പേരും ഒപ്പും

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

കെ. മോഹൻദാസ്,
പ്രിൻസിപ്പൽ സെക്രട്ടറി.

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിൻെറ ഭാഗമല്ല, എന്നാൽ അതിൻെറ പൊതു ഉദ്ദേശം വ്യക്തമാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ട് (2000-ലെ 5) 26-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം പ്രസ്തുത ആക്ടിൻെറ ഉദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് ചട്ടങ്ങളുണ്ടാക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു. കൂടാതെ 3, 4, 5, 7, 8, 9, 11, 27 എന്നീ വകുപ്പുകളും വിവിധ കാര്യങ്ങൾക്ക് ചട്ടങ്ങളുണ്ടാക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

മേൽപ്പറഞ്ഞ ആവശ്യം നിറവേററുന്നതിനാണ് ഈ വിജ്ഞാപനം.

---